## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2924**     **22.6.2012-ൽ മറുപടിക്ക്**

### മാലിന്യസംസ്കരണത്തിന് വിവിധ രീതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ ഏതെല്ലാം തരത്തിലുള്ള മാലിന്യസംസ്കരണ രീതികളാണ് നിർദ്ദേശിച്ചിട്ടുള്ളത് ; | എ) ഉറവിട മാലിന്യ സംസ്കരണം പദ്ധതിയിൽ വിവിധ തരം കമ്പോസ്റ്റിംഗ് രീതികളും ബയോ ഗ്യാസ് പ്ളാന്റുകളുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ജൈവമാലിന്യങ്ങൾക്ക് മണ്ണിര കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, പൈപ്പ് കമ്പോസ്റ്റിംഗ്, തുടങ്ങിയ സംസ്കരണ രീതികളാണ് നിർദ്ദേശിച്ചിട്ടുള്ളത്. കേന്ദ്രീകൃത മാലിന്യ സംസ്ക്കരണ രീതികളിൽ മണ്ണിര കമ്പോസ്റ്റ്, വിൻഡ്രോ കമ്പോസ്റ്റ്, ബയോഗ്യാസ് പ്ളാന്റുകൾ, എന്നീ രീതികളാണ് നിർദ്ദേശിച്ചിട്ടുള്ളത്. അടുത്ത കാലത്തായി തിരുവനന്തപുരം നഗരത്തിൽ ആധുനിക രീതിയിലുള്ള Waste to Energy രീതിയിൽ മാലിന്യം സംസ്ക്കരിക്കുന്നതിനായി ഒരു Pilot Plantന് ഓർഡർ നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള ആധുനിക പ്ളാന്റുകൾ എറണാകുളം, കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ, കോട്ടയം നഗരസഭകളിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) പ്രസ്തുത സംസ്കരണ രീതികളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ബി) ഈ സംസ്ക്കരണ രീതികൾ എല്ലാ തലത്തിലും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഇന്ത്യക്ക് അകത്തും പുറത്തും മേൽപ്പറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന സംസ്ക്കരണ പ്ളാന്റുകൾ നിർമ്മിക്കുകയും അവ പ്രവർത്തിപ്പിക്കുകയും ചെയ്ത് വരുന്നു. സംസ്ഥാനത്തിനുള്ളിൽ ഇവയെപ്പറ്റി ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടില്ല. |
| സി) നഗരങ്ങളിലെ മാലിന്യസംസ്കരണത്തിനായി എന്തുതുക നീക്കിവെച്ചിട്ടുണ്ടെന്നും ഇതിനകം എന്തു തുക ചെലവഴിച്ചെന്നും വെളിപ്പെടുത്തുമോ? | സി) മാലിന്യ സംസ്ക്കരണത്തിനായി തനത് വർഷം 104 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ